# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **01-07-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 5450**

## എൽ.എൻ.ജി ടെർമിനലിന്റെ പ്രവർത്തനോദ്ഘാടനം

**ചോദ്യം**

ശ്രീ. എം.എ.വാഹീദ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. ലൂഡി ലൂയിസ്

**(എ)** എൽ.എൻ.ജി ടെർമിനലിന്റെ പ്രവർത്തനോദ്ഘാടനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

**(ബി)** എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

**(സി)** സംസ്ഥാനത്തിന്റെ വികസന കുതിപ്പിനും നിക്ഷേപ സൗഹൃദത്തിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

**(ഡി)** ഏതെല്ലാം മേഖലകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
വകുപ്പു മന്ത്രി)

**(എ)** എൽ.എൻ.ജി ടെർമിനൽ 2014 ജനുവരി 4-ന് ബഹു. മുൻ പ്രധാനമന്ത്രി, ഡോ.മൻമോഹൻ സിംഗ് രാഷ്ട്രത്തിന് സമർപ്പിച്ചു.

**(ബി) (സി) & (ഡി)** ഹരിതവാതകമായ ദ്രവീകൃത പ്രകൃതി വാതകം (LNG) ഉപയോഗിക്കുന്നതിന്റെ പ്രധാന ഗുണങ്ങൾ താഴെപറയുന്നവയാണ്.

1) നാഫ്ത, കൽക്കരി, ഫർണസ് ഓയിൽ, ഡീസൽ, പെട്രോൾ എന്നിവയ്ക്ക് പകരം കുറഞ്ഞ ചിലവിൽ പ്രയോജനപ്പെടുത്താവുന്ന ഒരു ഇന്ധനമാണ് എൽ.എൻ.ജി.
2) ചെറുകിട വൻകിട സ്ഥാപനങ്ങളെ എൽ.എൻ.ജി. യുടെ ഉപയോഗത്താൽ സാമ്പത്തികമായി മുൻപന്തിയിൽ എത്തിക്കാനും ഉൽപ്പാദന മികവ് വർദ്ധിപ്പിക്കാനും സഹായിക്കും.
3) എൽ.എൻ.ജി.യുടെ ഉപയോഗത്താൽ ഉണ്ടാകാവുന്ന വ്യവസായിക വളർച്ച മറ്റ് വ്യവസായ സ്ഥാപനങ്ങളേയും അനുബന്ധ മേഖലകളേയും കേരളത്തിലേക്ക് ആകർഷിക്കും.
4) രാജ്യത്തിന്റെ മറ്റ് ഗ്യാസ് പൈപ്പ് ലൈനുകളുമായി ബന്ധപ്പെട്ടടുത്തി ഇന്ത്യയിൽ ഉടനീളം വാതക ലഭ്യത ഉറപ്പുവരുത്താൻ സഹായിക്കും.
5) എൽ.എൻ.ജി.യുടെ ലഭ്യതയാൽ പവർ പ്ലാന്റ് സ്ഥാപിക്കുന്നതു വഴി രാജ്യത്തെ വൈദ്യുത പ്രതിസന്ധിയിൽ നിന്ന് കരകയറുവാനും ഉപഭോക്താക്കൾക്ക് ചെറിയ ചെലവിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്താനും സഹായിക്കും.

6) പ്രധാന നഗരങ്ങളിൽ സിറ്റി ഗ്യാസ് കണക്ഷൻ ഉറപ്പുവരുത്താവുന്നതാണ്.

7) എൽ.എൻ.ജി. ഉപയോഗിച്ച് സി.എൻ.ജി. ഓട്ടോമൊബൈൽ വാഹനങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കാവുന്നതും വായു മലിനീകരണ പരമാവധി കുറയ്ക്കാവുന്നതുമാണ്. ഉപഭോക്താക്കൾക്ക് ചെറിയ ചിലവിൽ സി.എൻ.ജി. ലഭ്യത കേരളത്തിലുടനീളം ഉറപ്പു വരുത്താനും സഹായിക്കും.

**(ഇ)** ടെർമിനലിനെ പൂർണ്ണമായി ഉപയോഗിക്കുന്നതിന് സ്വീകരിക്കേണ്ടുന്ന നടപടികൾ വിശദമാക്കുമോ?

**(ഇ)** താഴെപ്പറയുന്ന നടപടികളിലൂടെ LNG ടെർമിനലിന്റെ പ്രവർത്തനശേഷി മെച്ചപ്പെട്ട രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുമെന്ന് വിലയിരുത്തപ്പെടുന്നു ;

- കൊച്ചിയിൽ നിന്ന് മംഗലാപുരത്തേക്കും ബാംഗ്ലൂരിലേക്കുമുള്ള പൈപ്പ് ലൈൻ പദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തുക.
- കൊച്ചിയിൽ നിന്ന് എൻ.ടി.പി.സി. കായംകുളത്തേക്കുള്ള പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമാക്കുക.
- LNG ഇന്ധനമായുള്ള വൈദ്യുതി പദ്ധതിയുമായി മുന്നോട്ടു പോവുക.
- കെ.എസ്.ആർ.ടി.സി. ബസ്സുകളെ എൽ.എൻ.ജി. കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന സി.എൻ.ജി. സ്റ്റേഷൻ സ്ഥാപിക്കുക.

സെക്ഷൻ ഓഫീസർ